# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ: 4199

25.06.2018-ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

ചോദ്യം
ശ്രീ.ജോൺ ഫെർണാണ്ടസ്

മറുപടി
മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ)യും, (ബി)യും

പ്രസ്തുത പദ്ധതിയുടെ പാമ്പായിമൂലയിലെ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിന് 278 ലക്ഷം രൂപക്ക് 2/2016-ൽ അനുമതി നൽകിയെങ്കിലും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് ഭൂതല സംഭരണിക്ക് മാത്രം Delhi Schedule of Rates 2014 നിരക്കിൽ 346 ലക്ഷം രൂപയാണ് അടങ്കൽ തുക. ബാക്കി തുകയായ 68 ലക്ഷം രൂപക്ക് 2/2018-ൽ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ അനുബന്ധ ഘടകങ്ങളായ പമ്പ് ഹൗസ്, പമ്പ് സെറ്റ് മുതലായവ സ്ഥാപിക്കുന്നതിന് ശ്രീ. സ്വരാജ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപയുടെ ഭരണാനുമതി 1/2018-ൽ നൽകിയിട്ടുണ്ട്. തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ